LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ചാരായ നിരോധനം

110 [1913] ശ്രീ. എം. എ. വാഹിദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ചാരായ നിരോധനം മൂലം പ്രതിവർഷം സർക്കാരിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ നഷ്ടം നികത്തുന്നതിന് സർക്കാർ സ്വീകരിച്ച മറ്റ് മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും അതുവഴി എത്ര രൂപയുടെ നഷ്ടം സർക്കാരിന് നികത്താനായിട്ടുണ്ടെന്നും വിശദീകരിക്കാമോ;

(സി) ചാരായനിരോധനം മൂലം സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാരായ നിരോധനംമൂലം ചാരായത്തിൽനിന്നുള്ള വരുമാനം ഇല്ലാതായെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ കള്ള്, വിദേശമദ്യം എന്നിവയിൽനിന്നുള്ള വരുമാനം വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് ചാരായനിരോധനംമൂലം പ്രതിവർഷം സർക്കാരിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി എന്ന് കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല.

(ബി) ചാരായ നിരോധനത്തിനുശേഷം കള്ള് ഷാപ്പുകളുടെ റെന്റൽ തുകയിൽ വർദ്ധനവ് വരുത്തിയും പുതിയ വിദേശമദ്യഷാപ്പുകൾ തുടങ്ങിയും അവയുടെ ലൈസൻസ് ഫീസ്, റെന്റൽ തുക എന്നിവ വർദ്ധിപ്പിച്ചും മറ്റ് നിയമപ്രകാരം നൽകേണ്ട ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചും ചാരായനിരോധനം വഴിയുണ്ടായ വരുമാന നഷ്ടം നികത്തുവാൻ സാധിച്ചിട്ടുണ്ട്. ചാരായ നിരോധനംമൂലം ഉണ്ടായ നഷ്ടം കൃത്യമായി തിട്ടപ്പെടുത്താത്ത സാഹചര്യത്തിൽ എത്ര മാത്രം നഷ്ടം സർക്കാരിന് നികത്താനായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുവാൻ സാധിക്കില്ല.

(സി) ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു പഠനം നടത്തിയിട്ടില്ല. എങ്കിലും വിദേശമദ്യത്തിന്റെ ഉപഭോഗത്തിൽ വ്യക്തമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

അരിഷ്ടങ്ങളുടെ ലേബലിൽ വ്യാജമദ്യ വില്പന

111 [1914] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിഷ്ടങ്ങളുടെ ലേബൽ ഒട്ടിച്ച് വ്യാജമദ്യം കുപ്പികളിലാക്കി വില്പന നടത്തുന്നതായ സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത്തരം എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;